## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2580

09.05.2017 - ൽ
മറുപടിക്ക്

### നീര ഉൽപ്പാദനം നേരിടുന്ന പ്രതിസന്ധി മറികടക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) നാളികേരകൃഷിക്ക് വൻകുതിപ്പ് നൽകാൻ കഴിയുമായിരുന്ന നീര ഉൽപ്പാദനം ഇപ്പോൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; | എ) | സർക്കാർ ലൈസൻസ് നല്കി പ്രവർത്തനം ആരംഭിച്ച ചില നാളികേര ഉത്പാദക കമ്പനികൾ പ്രാരംഭകാല പ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) ഉൽപ്പന്നത്തിന് വിപണി കണ്ടെത്താൻ കഴിയാത്തതും കർഷകർക്ക് എതാണ്ട് ഒരു വർഷമായി പണം ലഭിക്കാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | വിവിധ നാളികേര ഉത്പാദക കമ്പനികൾ ഉത്പാദിപ്പിക്കുന്ന നീരയ്ക്ക് വിഭിന്നരുചി ആയതിനാൽ വിപണിയിൽ സ്ഥായിയായി വില്പനയ്ക്ക് തടസ്സം നേരിടുന്നു. ചില നാളികേര ഉത്പാദക കമ്പനികൾക്ക് മതിയായ പ്രവർത്തന മൂലധനം ഇല്ലാത്തതുമൂലം അവിടത്തെ കർഷകർക്ക് യഥാസമയം തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. |
| സി) വിദഗ്ധരെ കിട്ടാത്തതിനാൽ മിക്ക കമ്പനികളും നീര ഉൽപ്പാദനം അവസാനിപ്പിക്കുന്ന സാഹചര്യമുണ്ടോ ; | സി) | നീര ചെത്തുന്നതിന് വൈദഗ്ധ്യമുള്ളവരുടെ അഭാവം മൂലം നീര ഉത്പാദനത്തിൽ കുറവു വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) ഇല്ലെങ്കിൽ സംസ്ഥാനത്താരംഭിച്ച ഇരുപത്തിയൊമ്പത് നീര ഉൽപ്പാദന കേന്ദ്രങ്ങളിൽ എത്ര എണ്ണം ഇപ്പോൾ ചെറിയ തോതിലെങ്കിലും നീര ഉൽപ്പാദിപ്പിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ; | ഡി) | താഴെ പറയുന്ന പതിനെട്ട് നീര ഉത്പാദന കമ്പനികൾ നീര ഉത്പാദിപ്പിച്ച് വരുന്നു:<br>പാലക്കാട് നാളികേര ഉത്പാദക കമ്പനി, കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനി, വടകര നാളികേര ഉത്പാദക കമ്പനി, കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി, തേജസ്വിനി നാളികേര ഉത്പാദക കമ്പനി, പേരാമ്പ്ര നാളികേര ഉത്പാദക കമ്പനി, കടത്തനാട് നാളികേര ഉത്പാദക കമ്പനി, തിരൂർ നാളികേര ഉത്പാദക കമ്പനി, മലപ്പുറം നാളികേര ഉത്പാദക കമ്പനി, കരപ്പുറം നാളികേര ഉത്പാദക കമ്പനി, കറ്റ്യാടി നാളികേര ഉത്പാദക കമ്പനി, തൃശ്ശൂർ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് നാളികേര ഉത്പാദക കമ്പനി, ഓണാട്ടുകര നാളികേര ഉത്പാദക കമ്പനി, കോട്ടയം നാളികേര ഉത്പാദക കമ്പനി, കൊയിലാണ്ടി നാളികേര ഉത്പാദക കമ്പനി, വയനാട് നാളികേര ഉത്പാദക കമ്പനി. |
| ഇ) പ്രസ്തുത പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | ഇ) | കുറിയ ഇനം തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുക, ചെറുകിട കർഷകർക്ക് നീര ഉത്പാദനത്തിൽ പരിശീലനം നൽകുക, നീര ഉത്പാദനത്തിന്റെ ചിലവ് കുറക്കുക, നീര ചെത്തുന്നതിന് പ്രതിദിനം 2 ലിറ്റർ നീരയെങ്കിലും ലഭ്യമാകുന്ന ആരോഗ്യമുള്ള തെങ്ങുകൾ കണ്ടെത്തുക. |

സെക്ഷൻ ഓഫീസർ